## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 11-07-2016 - ൽ |
| ചോദ്യം നമ്പർ - 747 | മറുപടിയ്ക്ക് |

### കണ്ടിയൂർ ബൈപ്പാസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ കണ്ടിയൂർ ബൈപ്പാസ് റോഡിന് ഭരണാനുമതി ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br>(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം വ്യക്തമാക്കുമോ;<br>(ഡി) ഈ തടസ്സം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി), (സി), & (ഡി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിക്കുകയും, കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ വാങ്ങുകയും, ശ്രീ. സുനിൽ ചന്ദ്രൻ, പുത്തൻ വീട്ടിൽ, വള്ളികുന്നം പി.ഒ., എന്ന കോൺട്രാക്ടറുടെ 115% അധിക നിരക്കിലുള്ള ക്വട്ടേഷൻ അനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ആലപ്പുഴ ജില്ലയിലെ ഭൂവിഭാഗങ്ങളുടെ പ്രത്യേകത കണക്കിലെടുത്ത് പ്രൈസ് സോഫ്റ്റ് വെയറിൽ എർത്ത് ഫില്ലിംഗ് കൺവയൻസ് അലവൻസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ഭേദഗതി ചെയ്യുന്ന പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച്, എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനായി, നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ